**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേന്ദ്ര വസ്ത്ര മന്ത്രാലയം 09.02.19 തീയതിയിൽ ഡൽഹി വിജ്ഞാൻ ഭവനിൽ സംഘടിപ്പിച്ച സിൽക്ക് മെഗാ ഇവന്റായ സർജിങ് ഓഫ് സിൽക്ക് പരിപാടിയിൽ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്തതിനും ഡൽഹിയിലേക്കും തിരികെയും യാത്ര ചെയ്തതിനും കാര്യോത്തര അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ. (സാധാ) നം. 423/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 26.02.2019

---

പരാമർശം:- 1) സെൻട്രൽ സിൽക്ക് ബോർഡിന്റെ 21.01.19-ലെ CSB-38/1/Ministry/Silk Day (Mega Event)/2017-18/TS നമ്പർ കത്ത്.

2) ഗ്രാമവികസന കമ്മീഷണറുടെ 30.01.19, 02.02.19, 05.02.19 തീയതികളിലെ 1025/എസ്ആർഐ 4/2018-19/സിആർഡി. നമ്പർ കത്തുകൾ.

**ഉത്തരവ്**

കേന്ദ്ര വസ്ത്ര മന്ത്രാലയം 09.02.19 തീയതിയിൽ ഡൽഹി വിജ്ഞാൻ ഭവനിൽ സംഘടിപ്പിച്ച സിൽക്ക് മെഗാ ഇവന്റായ സർജിങ് ഓഫ് സിൽക്ക് മേളയിൽ ഗ്രാമവികസന വകുപ്പിനെ പ്രതിനിധീകരിച്ച് ഔദ്യോഗിക പ്രതിനിധിയായി പങ്കെടുക്കുന്നതിന് (1) ശ്രീ. അനിൽകുമാർ എം., അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ (സെറികൾച്ചർ വിഭാഗം) (2) കേരളത്തിന്റെ സെറികൾച്ചർ പ്രതിനിധികളായി പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ നിന്നുൾപ്പെടെ പതിനാല് കർഷകരെ പങ്കെടുപ്പിക്കുന്നതിന് എസ്കോർട്ടിങ് ഓഫീസറായി പാലക്കാട് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ശ്രീ ഇ. ശശി എന്നിവരെ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ നാമനിർദ്ദേശം ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യാത്രാ ബത്തയും മറ്റു ചെലവുകളും കേന്ദ്ര ഗവൺമെന്റിൽ നിന്നും സെൻട്രൽ സ്കീം പ്രകാരം സെറികൾച്ചറിന് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നു വിനിയോഗിക്കണമെന്ന വ്യവസ്ഥയിന്മേൽ, 09.02.19 തീയതിയിൽ ഡൽഹി വിജ്ഞാൻ ഭവനിൽ വെച്ച് സംഘടിപ്പിച്ച സിൽക്ക് മെഗാ ഇവന്റ് (സർജിങ് ഓഫ് സിൽക്ക്) പരിപാടിയിൽ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്തതിനും ഡൽഹിയിലേക്കും തിരികെയും യാത്ര ചെയ്തതിനും കാര്യോത്തര അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി എം.ആർ.
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ പ്രതിനിധികൾക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ